**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 881** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രളയം തടയുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ആവർത്തിച്ച് ഉണ്ടാകുന്ന പ്രളയങ്ങൾ തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജലസേചന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ പീച്ചിയിലുള്ള Kerala Engineering Research Institute (KERI) 15 ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് 2011 - 2021 കാലയളവിൽ പഠന വിധേയമാക്കിയിരുന്നു. ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കി, അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ (SOP) പ്രകാരം മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. ഇതിൽ ചുള്ളിയാർ ഡാമിൽ DPR പ്രകാരമുള്ള അളവ് (Agreement Quantity) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മലങ്കര ഡാമിൽ ഡീസിൽറ്റേഷൻ Bid അംഗീകരണ നടപടികൾ പുരോഗമിക്കുന്നു. 2018-2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പവസ്തുക്കളും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടുകൂടിയും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, ജനകീയ പങ്കാളിത്തതോടുകൂടിയും, ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ 43 നദികളിൽ (കല്ലായി ഒഴികെ) ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി. നദികളുടെയും മറ്റ് തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും അവയുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി Pre-monsoon cleaning, Desiltation തുടങ്ങിയ പ്രവൃത്തികൾ Pre-monsoon Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**(ബി)** പ്രളയസാധ്യത കുറയ്ക്കുന്നതിനായി നിലവിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ജലസേചന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ പീച്ചിയിലുള്ള Kerala Engineering Research Institute (KERI) 15 ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലിന്റെ അളവ് 2011 - 2021 കാലയളവിൽ പഠന വിധേയമാക്കിയിരുന്നു. ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുവേണ്ടി തയ്യാറാക്കി, അംഗീകരിച്ച പ്രവർത്തന മാർഗ്ഗരേഖ (SOP) പ്രകാരം മംഗലം, ചുള്ളിയാർ, വാളയാർ, മീങ്കര എന്നീ ഡാമുകളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. ഇതിൽ ചുള്ളിയാർ ഡാമിൽ DPR പ്രകാരമുള്ള അളവ് (Agreement Quantity) പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മലങ്കര ഡാമിൽ ഡീസിൽറ്റേഷൻ Bid അംഗീകരണ നടപടികൾ പുരോഗമിക്കുന്നു. 2018-2019-ൽ സംസ്ഥാനത്തെ നദികളിൽ പ്രളയാനന്തരം

അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പവസ്തുക്കളും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടുകൂടിയും, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും, ജനകീയ പങ്കാളിത്തതോടുകൂടിയും, ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ 43 നദികളിൽ (കല്ലായി ഒഴികെ) ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കി. നദികളുടെയും മറ്റ് തോടുകളുടെയും നീരൊഴുക്ക് സുഗമമാക്കുന്നതിനും അവയുടെ സംഭരണശേഷി പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി Pre-monsoon cleaning, Desiltation തുടങ്ങിയ പ്രവൃത്തികൾ Pre-monsoon Plan, Non-plan, Flood damage, Annual Maintenance തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ടിന്റെ ലഭ്യത, പ്രവൃത്തിയുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു.

**(സി)** പ്രളയനിയന്ത്രണത്തിനായി അണക്കെട്ടുകൾ, നദീതടങ്ങൾ, കനാലുകൾ, നഗരങ്ങളിലെ ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കേന്ദ്രസഹായം ആവശ്യപ്പെട്ടുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പ്രളയ നിയന്ത്രണത്തിനായി അണക്കെട്ടുകൾ, നദീതടങ്ങൾ, കനാലുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കേന്ദ്ര സഹായം ലഭ്യമാകുന്ന സ്കീമുകളിലേക്ക് (NABARD, SDRF, AIBP, DRIP etc) ആവശ്യപ്പെടുന്ന മുറക്ക് DPR സമർപ്പിച്ച് വരുന്നുണ്ട്.

India- European Union Water Partnership (IEWP) -യുടെ ഭാഗമായി Urban Flooding -നെക്കുറിച്ചുള്ള പഠനത്തിനായി തിരുവനന്തപുരം പൈലറ്റ് നഗരമായി തെരഞ്ഞെടുത്തു. CWC-യാണ് നോഡൽ ഓഫീസ്. ഇതിന്റെ ഭാഗമായി Kerala State Disaster Management Authority (KSDMA), ജലവിഭവ വകുപ്പ്, നഗരസഭ, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയവയിലെ ഉദ്യോഗസ്ഥരും, GIZ, CWC പ്രതിനിധികളും പങ്കെടുത്ത ആദ്യ കൺസൾട്ടേഷൻ യോഗം തിരുവനന്തപുരത്ത് നടന്നു. യോഗത്തിൽ KSDMA, UFRMP പദ്ധതിക്കായി സമർപ്പിച്ച പ്രോപ്പോസൽ അവതരിപ്പിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് NDMA (National Disaster Management Authority) ടെക്നിക്കൽ അപ്രൈസൽ കമ്മിറ്റിക്കു മുമ്പാകെ ടി പ്രോപോസൽ വീണ്ടും അവതരിപ്പിക്കുകയും ആ യോഗത്തിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**